**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം -1416** — **04.12.2014-** ൽ മറുപടിക്ക്

# പേരാവൂർ നിയോജകമണ്ഡലത്തിലെ കേളൻപീടിക -മട്ടിണി-നിരങ്ങംചിറ്റ-വള്ളിത്തോട് റോഡ്

| ചോദ്യം | | മറുപടി |
|---|---|---|
| **ശ്രീ. സണ്ണി ജോസഫ്** | | **ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് (പൊതുമരാമത്ത് വകുപ്പുമന്ത്രി)** |
| (എ) പേരാവൂർ നിയോജക മണ്ഡലത്തിലെ കേളൻപീടിക -മട്ടിണി-നിരങ്ങംചിറ്റ-വള്ളിത്തോട് റോഡിന്റെ പ്രവൃത്തി തടസ്സപ്പെട്ടിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(ബി) ഇത് സംബന്ധിച്ച് പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ തിരുവനന്തപുരത്ത് ചേർന്ന യോഗ തീരുമാനങ്ങൾ എന്തെല്ലാമാണ് ; ഇതനുസരിച്ച് സ്വീകരിച്ച തുടർ നടപടികൾ എന്തെല്ലാം ; റോഡ് പ്രവർത്തനങ്ങൾ മുടങ്ങിക്കിടക്കുന്നതിനാൽ ഉയർന്നിട്ടുള്ള പ്രതിഷേധങ്ങളും സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;<br>(സി) പ്രസ്തുത റോഡ് പ്രവൃത്തി കാലതാമസം ഒഴിവാക്കി പൂർത്തീകരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ ? | (എ) യും (ബി) യും (സി) യും | ഉണ്ട്. ഇതു സംബന്ധിച്ച് 24.06.2013-ന് ബഹു.പൊതുമരാമത്ത് വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ കരാറുകാരൻ ചെയ്ത പ്രവൃത്തിയുടെ measurement എടുക്കുന്നതിനും, ബാക്കിയുള്ള പ്രവൃത്തിക്ക് 2012 SOR നിരക്ക് പ്രകാരമുള്ള പുതുക്കിയ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിനും തീരുമാനിക്കുകയുണ്ടായി. അതിൻ പ്രകാരം പ്രവൃത്തിയുടെ മെഷർമെന്റ് എടുത്ത് ബിൽ തയ്യാറാക്കിയിട്ടുണ്ട്. ബാക്കി പ്രവൃത്തിയുടെ എസ്റ്റിമേറ്റ് പുതുക്കിയ നിരക്കിൽ തയ്യാറാക്കുന്നതിനുള്ള നടപടികൾ ചീഫ് എഞ്ചിനീയർ തലത്തിൽ സ്വീകരിച്ചു വരുന്നു. ആയത് സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്. റോഡു പ്രവർത്തനങ്ങൾ മുടങ്ങി കിടക്കുന്നതിനാൽ ഉയർന്നിട്ടുള്ള പ്രതിഷേധങ്ങളും സമരങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ